# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2714 — 06/11/2019 ൽ മറുപടിയ്ക്ക്

### പാഴ് മരങ്ങളുടെ വില പ്രാദേശികമായി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി. അൻവർ | അഡ്വ: കെ. രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | പൊതുസ്ഥലങ്ങളിലെ മരങ്ങൾ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി മുറിച്ചു മാറ്റുന്നതിന് സാമൂഹ്യവനവൽക്കരണ വിഭാഗം നിശ്ചയിക്കുന്ന തുകയ്ക്ക് ലേലം കൈക്കൊള്ളാൻ ആളുകൾ സന്നദ്ധമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽ ഉണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | നിശ്ചയിക്കുന്ന തുക ലഭിക്കാത്തതു കാരണം ലേല നടപടികൾക്ക് കാലതാമസം വരുന്നതും ഇതുവഴി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതും പരിശോധിക്കുമോ ; | ബി | സോഷ്യൽ ഫോറസ്ട്രി വിഭാഗം എൻ.ആർ നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന സീനിയറേജ് റേറ്റുകൾ പ്രകാരമാണ്. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ തുടർ ലേലം നടത്താവുന്നതും വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്ത പക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആയതിനുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതാണ്. |
| സി | പാഴ് മരങ്ങൾ ഉൾപ്പെടെയുള്ള മരങ്ങളുടെ വില പ്രാദേശികമായി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾ വിശദമായി പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുമോ; വ്യക്തമാക്കുമോ? | സി | മറ്റ് മരങ്ങളോടൊപ്പം പാഴ്മരങ്ങളുടെയും സീനിയറേജ് വില കാലാകാലങ്ങളിൽ സർക്കാർ പുതുക്കി നിശ്ചയിച്ച് വരുന്നുണ്ട്. ഏറ്റവും ഒടുവിലായി വില പുതുക്കി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് 10.09.2015 – ലെ G.O(MS) No. 67/2015/F&WLD സർക്കാർ ഉത്തരവ് പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ